# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 5063/11/12/2023/ TVM**

പരാതികക്ഷി : ഷാഹിദാ ബീവി,ഷാഹിദാ മൻസിൽ
കരിക്കകത്ത് മുകൾ ഹൗസ്,ചെക്കക്കോണം
കരകുളം, നെടുമങ്ങാട്

എതിർകക്ഷികൾ : പി.കെ.സലീം, ഷാജിഭവൻ
ഈസ്റ്റ് ഇടവക്കോട്,കരിയം,
ശ്രീകാര്യം

**ഉത്തരവ് തീയതി 28.06.2024**

പരാതികക്ഷിയുടെ രണ്ടാം ഭർത്താവായ എതിർകക്ഷി മദ്യപിച്ചുവന്ന് പരാതികക്ഷിയെ മാനസിക ശാരീരിക ഉപദ്രവങ്ങൾ ഉണ്ടാക്കുന്നതായും, തന്റെ മാലയും മോതിരവും, 10000/-രൂപയും എടുത്തുകൊണ്ടു പോയതായും, നെടുമങ്ങാട് പോലീസിൽ പരാതി നൽകിയിട്ട് നടപടിയൊന്നും ഉണ്ടാകുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ നെടുമങ്ങാട് പോലീസ് സബ് ഇൻസ്പെക്ടർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയിൽ ഇരുകക്ഷികളെയും വിളിച്ചു സംസാരിച്ചു എതിർകക്ഷിയെ താക്കീത് ചെയ്തു വിട്ടിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ കാണുന്നു.

പരാതി വിചാരണക്കെടുത്ത സമയം പരാതികക്ഷി ഹാജരായി. എതിർകക്ഷികളിൽ നിന്നും ഇപ്പോഴും നിരന്തരം ഉപദ്രവം നേരിടുന്നതായി ടിയാൾ കമ്മീഷനെ അറിയിച്ചു. പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. എതിർകക്ഷിയിൽ നിന്നും പരാതികക്ഷിക്ക് തുടർന്നും ഉപദ്രവം ഉണ്ടാകുന്നതായി പരാതിയുള്ളപക്ഷം നെടുമങ്ങാട് *പോലീസിൽ പരാതി നൽകേണ്ടതും പരാതി ലഭിക്കുന്നപക്ഷം പരാതിക്കാരിക്ക് ആവശ്യമായ* സംരക്ഷണം നൽകണമെന്ന് കമ്മീഷൻ നെടുമങ്ങാട് പോലീസ് ഇൻസ്പെക്ടറോട് ശുപാർശ ചെയ്തുകൊണ്ട് പരാതി അവസാനിപ്പിക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ